LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ നടപ്പാലം നിർമ്മിക്കാൻ നടപടി

316 [2373] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിനെ ക്ലാപ്പനയുമായി ബന്ധിപ്പിച്ച് ടി.എസ്. കനാലിനു കുറുകെ കരമാർഗ്ഗം യാത്ര സുഗമമാക്കുന്നതിന് ഒരു നടപ്പാലം നിർമ്മിച്ചുനൽകാൻ മാതാ അമൃതാനന്ദമയി മഠം ട്രസ്റ്റ് പൂർണ്ണ ചെലവ് വഹിച്ചുകൊള്ളാം എന്ന ഉറപ്പിന്മേൽ സർക്കാരിനു സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ പണം വിനിയോഗിക്കാതെ തന്നെ ജനോപകാര പ്രദമായ ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് പണം മുടക്കാൻ സ്വകാര്യ സംരംഭകർ എത്തുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്;

(സി) പ്രസ്തുത പാലം പണിയുന്നതിനാവശ്യമായ ഗവൺമെന്റിന്റെ അനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപേക്ഷ സർക്കാർ പരിശോധിച്ചു. നിർദ്ദിഷ്ട നടപ്പാലം ദേശീയ ജലപാത III-ൽപ്പെട്ട കനാലിൽ ആയതിനാൽ ഈ കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിന് IWAI-യുടെ അംഗീകാരം ആവശ്യമാണ്. IWAI മാനദണ്ഡങ്ങൾക്കനുസരിച്ച് പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുവാൻ അമൃതാനന്ദമയീ മഠത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) വികസനപ്രവർത്തനത്തിന് പണം വിനിയോഗിക്കാൻ മുന്നോട്ടു വരുന്ന സ്വകാര്യ സംരംഭകർക്ക് നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി സാധ്യമായ എല്ലാ പ്രോത്സാഹനങ്ങളും നൽകിവരുന്നുണ്ട്.

(സി) ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നടപ്പാതയും ഹാൻഡ് റെയിലും സ്ഥാപിക്കാൻ നടപടി

317 [2374] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ മുതൽ കല്ലടി ഹയർ സെക്കണ്ടറി സ്കൂൾ വരെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം റോഡിന് വടക്കുവശത്ത് ഒരു നടപ്പാതയും ഹാൻഡ് റെയിലും സ്ഥാപിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;